Sectt. 3/45/2010/5 lakhs GPM. © Govt. of Kerala.

**GOVERNMENT OF KERALA**

നം. 58725/എഫ്എം3/2008/ത.സ്വ.ഭ.വ. തദ്ദേശ സ്വയംഭരണ (എഫ്എം) വകുപ്പ്,
തിരുവനന്തപുരം, തീയതി: 26.05.2011.

## സർക്കുലർ

**വിഷയം:- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് വരുമാനത്തിൽ വരുന്ന മുഴുവൻ തുകകളും ഒരൊറ്റ അക്കൗണ്ടിൽ ഒടുക്കുന്നത് – സംബന്ധിച്ച്.**

ഗ്രാമ പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും അവരുടെ തനത് വരുമാനത്തിൽ വരുന്ന മുഴുവൻ തുകകളും ഒരൊറ്റ അക്കൗണ്ടിൽ ഒടുക്കുന്നതിനുള്ള സംവിധാനം ഉണ്ടാകണമെന്ന് രണ്ടാം ധനകാര്യ കമ്മീഷന്റെ 11.10 നമ്പരായ ശുപാർശ പ്രകാരം നിർദ്ദേശിച്ചിരുന്നു. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ശുപാർശ അംഗീകരിക്കുകയുണ്ടായിട്ടുണ്ട്. 1996-ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്ത് ഫണ്ട് നിക്ഷേപിക്കലും പിൻവലിക്കലും) ചട്ടങ്ങൾ പ്രകാരം പഞ്ചായത്ത് ഫണ്ട് ഗവൺമെന്റ് ട്രഷറിയിലോ, പോസ്റ്റ് ഓഫീസ് സേവിംഗ്സ് ബാങ്കിലോ, സഹകരണ രജിസ്ട്രാർ അംഗീകരിച്ചിട്ടുള്ള സഹകരണ ബാങ്കിലോ, ദേശസാൽക്കൃത ബാങ്കിലോ സൂക്ഷിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ട്രഷറി അക്കൗണ്ട് കൂടാതെ ദേശസാൽക്കൃത ബാങ്കുകളിലേയും സഹകരണ ബാങ്കുകളിലേയും അക്കൗണ്ടുകളിലാണ് നിലവിൽ ഗ്രാമ പഞ്ചായത്തുകൾ തനത് ഫണ്ട് നിക്ഷേപിച്ചു വരുന്നത് എന്ന് കാണുന്നു. പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഇത്തരം രണ്ടിലധികം അക്കൗണ്ടുകൾ തുറന്നിട്ടുള്ള ഗ്രാമ പഞ്ചായത്തുകളാണ് അധികവും. ഇത്തരത്തിൽ പരമാവധി എത്ര അക്കൗണ്ടുകൾ ആകാമെന്ന് വ്യവസ്ഥയില്ലാത്തതിനാൽ ഇടപാട് സൗകര്യങ്ങൾ പരിഗണിച്ച് മൂന്നും നാലും അക്കൗണ്ടുകൾ തുറന്നിട്ടുള്ള ഗ്രാമ പഞ്ചായത്തുകളും നിലവിലുണ്ട്.

തനത് വരുമാനത്തിന്റെ കൃത്യമായ കണക്കുകൾ കാണിക്കുന്ന രജിസ്റ്ററുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സൂക്ഷിച്ചുപോരുന്നുണ്ടെങ്കിലും, തനത് വരുമാനം നിക്ഷേപിക്കുന്നതിന് ഒന്നിലധികം ബാങ്ക് അക്കൗണ്ടുകൾ ഉണ്ടായിരിക്കുന്നത് അഭികാമ്യമല്ല. മേൽ സാഹചര്യത്തിൽ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും തനത് വരുമാനം ട്രഷറി അക്കൗണ്ടിന് പുറമേ ഒരു ദേശസാൽകൃത ബാങ്ക് അക്കൗണ്ടിലോ ഒരു സഹകരണ ബാങ്ക് അക്കൗണ്ടിലോ മാത്രം നിക്ഷേപിക്കണമെന്നും ഈ ആവശ്യത്തിന് ഒന്നിൽ കൂടുതൽ ബാങ്ക് അക്കൗണ്ടുകൾ നിലനിർത്തരുതെന്നും എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദേശം നൽകുന്നു.

എസ്.എം.വിജാനന്ദ്,
അഡിഷണൽ ചീഫ് സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
(പകർപ്പ് എല്ലാ ഗ്രാമ പഞ്ചായത്തുകൾക്കും ലഭ്യമാക്കുന്നതിലേയ്ക്കായി)
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
(പകർപ്പ് എല്ലാ കോർപ്പറേഷനുകൾക്കും നഗരസഭകൾക്കും ലഭ്യമാക്കുന്നതിലേയ്ക്കായി)
എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും.
എക്സിക്യൂട്ടീവ് ഡയറകടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(സർക്കുലറിന്റെ പകർപ്പ് വെബ്സൈറ്റിൽ പബ്ലിഷ് ചെയ്യുന്നതിലേയ്ക്കായി).
സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ആഫീസർ, തിരുവനന്തപുരം.
സെക്രട്ടറി, ധനകാര്യ വകുപ്പ്.
സെക്രട്ടറി, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്.
(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേയ്ക്കായി)
അക്കൗണ്ടന്റ് ജനറൽ (എ & ഇ // ആഡിറ്റ്) കേരള, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ // ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം.

സെക്ഷൻ ഓഫീസർ.